# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4138 18/10/2011 ൽ മറുപടിയ്ക്ക്

## പട്ടികജാതിയിൽപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഏതൊക്കെ തരത്തിലുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് അറിയിക്കാമോ; | (എ) | പട്ടികജാതിവിഭാഗത്തിൽപ്പെട്ട നഴ്സറിതലം മുതൽ പി.ജി/ പ്രൊഫഷണൽ തലം വരെ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും സ്റ്റൈപ്പന്റ് ലംപ്സംഗ്രാന്റ് തുടങ്ങിയ എല്ലാവിധ ഫീസാനുകൂല്യങ്ങളും നൽകി വരുന്നുണ്ട്.<br>പോസ്റ്റ് മെട്രിക് തലത്തിൽ എസ്.എസ്.എൽ.സി. കഴിഞ്ഞുള്ള വിവിധ വിദ്യാഭ്യാസ കോഴ്സുകൾക്ക് വരുമാനപരിധിയില്ലാതെ മുഴുവൻ ഫീസിളവും, ലംപ്സംഗ്രാന്റ് 265/- രൂപ മുതൽ 2065/- രൂപവരെ വ്യത്യസ്ത നിരക്കിൽ നൽകി വരുന്നു.<br>ലഭ്യമാകുന്ന ആനുകൂല്യങ്ങളുടെ വിവരങ്ങൾ ചുവടേ ചേർക്കുന്നു.<br><u>1. പ്രീ. പ്രൈമറി/പ്രീ മെട്രിക് വിദ്യാഭ്യാസം</u><br><u>വാർഷിക ലംപ്സം ഗ്രാന്റ്</u> |

| ക്ലാസ്സ് | നിരക്ക് |
|---|---|
| നഴ്സറി | 100 രൂപ |
| 1 മുതൽ 4 വരെ | 140 രൂപ |
| 5 മുതൽ 7 വരെ | 240 രൂപ |
| 8 മുതൽ 10 വരെ | 330 രൂപ |

വകുപ്പിന്റെ കീഴിൽ 90 പ്രീ മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിയ്ക്കുന്നുണ്ട്. പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് മെസ് അലവൻസ്, പോക്കറ്റ് മണി, യൂണിഫോം എന്നിവ താഴെ പറയുന്ന നിരക്കിൽ നൽകുന്നു.

<u>മെസ് അലവൻസ്</u>

| ക്ലാസ്സ് | നിരക്ക് |
|---|---|
| 5 മുതൽ 10 വരെ | 1300 രൂപ |

<u>പോക്കറ്റ് മണി</u>

| ക്ലാസ്സ് | നിരക്ക് |
|---|---|
| 5 മുതൽ 10 വരെ | 70 രൂപ |

കൂടാതെ പ്രതിവർഷം രണ്ടു ജോഡി യൂണിഫോമിനായി യു.പി. തലത്തിൽ 700-/ രൂപയും ഹൈസ്കൂൾ/ഹയർ സെക്കന്ററി തലത്തിൽ 800/- രൂപയും അനുവദിയ്ക്കുന്നു.

പട്ടികജാതി വിഭാഗത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന വേടൻ, വേട്ടുവൻ, നായാടി എന്നീ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന നിരക്കിൽ പ്രതിമാസ സ്റ്റൈപ്പന്റ് അനുവദിയ്ക്കുന്നു.

| ക്ലാസ്സ് | നിരക്ക് |
|---|---|
| 1 മുതൽ 4 വരെ | 55 രൂപ |
| 5 മുതൽ 7 വരെ | 60 രൂപ |
| 8 മുതൽ 10 വരെ | 70 രൂപ |

വൃത്തിഹീന തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവരുടെ കുട്ടികൾക്ക് സ്കോളർഷിപ്പ് (100% കേന്ദ്രാവിഷ്കൃത പദ്ധതി) താഴെ പറയുന്ന നിരക്കുകളിൽ നൽകുന്നു.

| ക്ലാസ്സ് | ഡേ സ്കോളേഴ്സ് | ഹോസ്റ്റ് ലേഴ്സ് |
|---|---|---|
| 1 മുതൽ 2 വരെ | 110 രൂപ | -- |
| 3 മുതൽ 10 വരെ | 110 രൂപ | 700 രൂപ |

<u>വാർഷിക അഡ്ഹോക്ക് ഗ്രാന്റ്</u>

| | നിരക്ക് |
|---|---|
| ഡേ സ്കോളേഴ്സ് | 750/- രൂപ |
| ഹോസ്റ്റ് ലേഴ്സ് | 1000/- രൂപ |

പ്രതിമാസ സ്റ്റൈപ്പന്റ് താഴെ പറയുന്ന നിരക്കിൽ നൽകി വരുന്നു.

<u>പ്രതിമാസ സ്റ്റൈപ്പന്റ്</u>

| | നിരക്ക് |
|---|---|
| 8 കി.മീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് | 405/- രൂപ |
| 8 കി.മീറ്ററിന് വെളിയിൽ താമസിക്കുന്നവർക്ക് | 475/- രൂപ |
| പട്ടികജാതി വികസന വകുപ്പിലെ വ്യവസായ പരിശീലന/ഉൽപാദന പരിശീലന കേന്ദ്രങ്ങളിലെ വിദ്യാർത്ഥികൾക്ക്. | 400/- രൂപ |
| വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ (ഗവ. സ്ഥാപനങ്ങളും അംഗീകൃത സ്ഥാപനങ്ങളും) | 330/- രൂപ |
| സംഗീത കോളേജിലെ നടന ഭൂഷണം കോഴ്സ്. | 330/- രൂപ |

വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 17

പോസ്റ്റ് മെട്രിക് ഹോസ്റ്റൽ അന്തേവാസികൾക്ക് താമസ സൗകര്യത്തിന് പുറമേ പ്രതിമാസം മെസ് ചാർജ്ജ് 1500/- രൂപ അനുവദിച്ച് നൽകുന്നു. സ്ഥാപനം വക ഹോസ്റ്റലിലോ അംഗീകൃത ഹോസ്റ്റലിലോ താമസിക്കുന്നവർക്ക് യഥാർത്ഥ താമസ ചെലവും ഭക്ഷണ ചെലവും, പോക്കറ്റ് മണിയായി ചുവടേ കാണിച്ചിരിക്കുന്ന പ്രകാരം തുകയും അനുവദിക്കുന്നു.

| കോഴ്സ് | നിരക്ക് |
| --- | --- |
| മെഡിക്കൽ. എഞ്ചിനീയറിംഗ് അഗ്രികൾച്ചറൽ തുടങ്ങിയ എൻട്രൻസ് പരീക്ഷ പാസ്സായിവരുന്ന കോഴ്സുകൾ | 120/- രൂപ |
| ഡിപ്ലോമ അതിനു താഴെയുള്ള കോഴ്സുകളും | 100/- രൂപ |

പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്ക് സ്ഥാപനത്തിന്റെ ഹോസ്റ്റലോ അംഗീകൃത ഹോസ്റ്റലോ ഇല്ലാത്ത സാഹചര്യത്തിൽ കുട്ടികൾ സ്വന്തം നിലയിൽ സ്ഥാപനത്തിനു സമീപം സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുകയാണെങ്കിൽ പ്രതിമാസ സ്റ്റൈപ്പന്റ് 1500/- രൂപ അനുവദിച്ചു വരുന്നു.

ഒരു ലക്ഷം രൂപ വാർഷിക വരുമാന പരിധിയ്ക്ക് വിധേയമായി 2009-10 വർഷം മുതൽ എം.ബി.ബി.എസ്/ ബി.ഡി.എസ്. വിദ്യാർത്ഥികൾക്ക് 10,000/- രൂപയും എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് 5000/- രൂപയും പ്രാരംഭ പഠന ചെലവുകൾക്കായി അനുവദിക്കുന്നു.

സമർത്ഥരായ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കായി പബ്ലിക് സ്കൂൾ മാതൃകയിൽ സംസ്ഥാനത്ത് വിവിധ ജില്ലകളിൽ വകുപ്പിന്റെ കീഴിലുള്ള

ഒൻപത് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ച വരുന്നു. നാലാം ക്ലാസ്സ് പാസ്സായവരിൽ നിന്നും പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് ഓരോ സ്കൂളിലും 5-ാം ക്ലാസ്സിലേയ്ക്ക് പ്രവേശനം നൽകുകയും ഇവരുടെ തുടർന്നുള്ള പഠനത്തിനായി എല്ലാ ചെലവുകളും സർക്കാർ തന്നെ വഹിക്കുകയും ചെയ്യുന്നു. ആലപ്പുഴ, ആലുവ, തൃത്താല എന്നീ മൂന്ന് എം.ആർ.എസുകളിൽ +2 കോഴ്സ് 2008-09 അധ്യയന വർഷം ആരംഭിക്കുകയുണ്ടായി. 7 M.R.S. കളിൽ കെൽട്രോണിന്റെ സഹകരണത്തോടെ സ്മാർട്ട് ക്ലാസ്സ് റൂം, ശാസ്ത്രസാങ്കേതിക വകുപ്പിന്റെ സഹകരണത്തോടെ ലബോറട്ടറി നവീകരണം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. സ്പോർട്സിൽ മികവു പുലർത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അഞ്ചാം ക്ലാസ്സ മുതൽ +2 തലം വരെ കായിക പരിശീലനത്തോടുകൂടി പഠനം നടത്തുന്നതിന് ശ്രീ. അയ്യൻകാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്പോർട്സ് സ്കൂൾ തിരുവനന്തപുരത്ത് വെള്ളായണിയിൽ പ്രവർത്തിക്കുന്നു. പ്രസ്തുത സ്കൂളിലെ വിദ്യാർത്ഥികൾക്ക് സൗജന്യ വിദ്യാഭ്യാസത്തിന് പുറമേ പ്രതിദിന മെസ് ചാർജ് 75/-രൂപ അനുവദിച്ച വരുന്നു. മൂന്നു ജോഡി സ്കൂൾ യൂണിഫോം പരിശീലനത്തിനും സ്പെഷ്യലൈസ്ഡ് സ്പോർട്സ് യൂണിഫോം ഓരോ വിദ്യാർത്ഥിയും പങ്കെടുക്കുന്ന ഇനങ്ങളിലും നൽകി വരുന്നു. കൂടാതെ പ്രതിമാസ പോക്കറ്റ്മണിയായി 70/- രൂപ അനുവദിച്ച വരുന്നു. പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി 100% കേന്ദ്രസഹായത്തോടെ മെഡിക്കൽ

എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷകൾ ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനുവേണ്ടി 9 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് പ്രയാസമേറിയ വിഷയങ്ങളിൽ പ്രത്യേക പരിഗണന നൽകി പരിശീലനം നൽകി വരുന്നു.

സംസ്ഥാനത്ത് പഠന സൗകര്യം നിലവിൽ ഇല്ലാത്തതും പ്രത്യേകതരത്തിലുള്ളതുമായ ബിരുദാനന്തര കോഴ്സുകൾക്കും പ്രൊഫഷണൽ കോഴ്സുകൾക്കും അന്യസംസ്ഥാനങ്ങളിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തിനകത്ത് പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന എല്ലാവിധ ആനുകൂല്യങ്ങളും നിയമാനുസൃതം നൽകി വരുന്നു.

സർക്കാർ/എയ്ഡഡ് കോളേജുകളിൽ പ്രവേശനം ലഭിക്കാതെ പാരലൽ കോളേജുകളിൽ ചേർന്നു പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും അനുവദിച്ചു വരുന്നു.

കോഴിക്കോട് ചേവായൂരിൽ കിർത്താഡ്സ് ക്യാമ്പസിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ റിസർച്ച് ആന്റ് എഡ്യൂക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫർമേഷൻ (CREST) എന്ന സ്ഥാപനം ബിരുദധാരികളായ പട്ടികവിഭാഗക്കാർക്ക് തൊഴിൽ നേടുന്നതിനും ഉന്നത വിദ്യാഭ്യാസത്തിനുമുള്ള മത്സര പരീക്ഷകളിൽ വിജയം കൈവരിക്കുന്നതിനുമുള്ള പരിശീലനം നൽകി വരുന്നു.

വിവിധ ജില്ലകളിൽ വകുപ്പിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഐ.റ്റി.സി. കളിൽ വിവിധ കോഴ്സുകൾക്ക് പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യ വിദ്യാഭ്യാസത്തിനു പുറമേ യൂണിഫോം അലവൻസ്, ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്

എന്നിവ അനുവദിച്ചു വരുന്നു.

1)പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി

എസ്.എസ്. എൽ.സി., പ്ലസ്ടു, ഡിഗ്രി തുടങ്ങി പൊതു പരീക്ഷകളിൽ ഫസ്റ്റ്ക്ലാസ്സും ഡിസ്റ്റിംഗ്ഷനും കരസ്ഥമാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനമായി ചുവടേ പറയുന്ന നിരക്കിൽ തുക അനുവദിച്ചു വരുന്നു.

| കോഴ്സ് | ഫസ്റ്റ് ക്ലാസ്സ് | ഡിസ്റ്റിംഗ്ഷൻ |
|---|---|---|
| എസ്.എസ് .എൽ.സി. | 750 | 1500 |
| പ്ലസ്ടു, റ്റി.റ്റി.സി, പോളിടെക്നിക്, വി.എച്ച്.എസ്.സി | 1000 | 2000 |
| ഡിഗ്രി | 1500 | 3000 |
| പ്രൊഫഷണൽ കോഴ്സ്, പി.ജി. | 2000 | 4000 |

2. **അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്**

സമർത്ഥരായ വിദ്യാർത്ഥികളെ നാലാം ക്ലാസ്സിലെയും 7-ാം ക്ലാസ്സിലെയും വാർഷിക പരീക്ഷയിൽ കിട്ടുന്ന ഗ്രേഡിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് തുടർ വിദ്യാഭ്യാസത്തിന് ആവശ്യമായ സ്കോളർഷിപ്പും മറ്റു ചെലവുകളും നൽകുന്ന ഒരു പദ്ധതിയാണിത്. ഇങ്ങനെ തെരഞ്ഞെടുക്കുന്നവർക്ക്

യൂണിഫോം, ബാഗ്, ഷൂസ്, കുട, പ്രത്യേക ട്യൂഷൻ, ആരോഗ്യ പരിരക്ഷ, ഹോസ്റ്റൽ സൗകര്യം, വ്യക്തിത്വ വികസന പരിപാടികൾ, രക്ഷകർത്താക്കൾക്ക് ആവശ്യമായ ഉപദേശം, അനുയോജ്യമായ തൊഴിൽ രംഗം കണ്ടെത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളും നടപ്പാക്കി വരുന്നു.

3. **<u>ബുക്ക് ബാങ്ക് സ്കീം</u>**

മെഡിക്കൽ, എഞ്ചിനീയറിംഗ്, അഗ്രികൾച്ചർ, വെറ്ററിനറി, എം.ബി.എ,എൽ.എൽ.ബി, എൽ.എൽ.എം, ബയോ സയൻസ്, സിഎ, പോളിടെക്നിക് മുതലായ പ്രൊഫഷണൽ കോഴ്സുകൾ നടത്തുന്ന സർക്കാർ എയിഡഡ് സ്ഥാപനങ്ങൾക്ക് സിലബസ് പ്രകാരം ഡിഗ്രി തലത്തിൽ രണ്ട് പേർക്ക് ഒരെണ്ണം വീതവും എം.ബി.എ, സി.എ, എൽ.എൽ.എം., ബയോ സയൻസ്, മറ്റു പി.ജി തലത്തിൽ ഒരാൾക്ക് ഒരെണ്ണം വീതവും ടെക്സ്റ്റ് ബുക്കുകൾ വാങ്ങുന്നതിന് തുക അനുവദിച്ചു വരുന്നു.

4. **<u>വിഷൻ 2013</u>**

ഈ സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണിത്. 2011 മാർച്ചിൽ നടത്തിയ എസ്.എസ്.എൽ.സി പൊതു പരിക്ഷയിൽ എ+, എ, ബി+ എന്നീ

| | | | |
|---|---|---|---|
| | | | ഗ്രേഡുകൾ നേടിയവരും, രക്ഷാകർത്താക്കളുടെ വാർഷിക വരുമാനം നാലര ലക്ഷം രൂപയിൽ അധികരിക്കാത്തതുമായ പട്ടികജാതി വിദ്യാർത്ഥികൾക്ക് 20,000/- രൂപ നിരക്കിൽ മെഡിക്കൽ/ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രമുഖ സ്ഥാപനങ്ങൾ മുഖാന്തിരം എൻട്രൻസ് കോച്ചിംഗിന് ധനസഹായം അനുവദിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ആനുകൂല്യങ്ങൾ സ്വാശ്രയ എഞ്ചിനീയറിംഗ്, മെഡിക്കൽ, പാരാമെഡിക്കൽ കോ ളേജുകളിൽ പഠിക്കുന്ന കുട്ടികൾക്കും നൽകി വരുന്നുണ്ടോ; വിശദാംശം അറിയിക്കുമോ; | (ബി) | മെഡിക്കൽ, എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശന പരീക്ഷാകമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശന പരീ ക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്ന പ്രകാരം പ്രവേശനം നേടുന്നവർക്കും, ഡി.എം.ഇ, ഡി.എച്ച്.എസ്, നഴ്സിംഗ് കൗൺസിൽ തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യം നൽകുന്നതാണ്. |
| (സി) | ഈ ആനുകൂല്യങ്ങൾ അമൃതാ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പഠിക്കുന്ന കുട്ടികൾക്ക് നൽകുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ പ്രസ്തുത സ്ഥാപന ത്തിൽ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (ഡി) | പ്രസ്തുത സ്ഥാപനം സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടില്ലാത്തതും മാനേജ്മെന്റ് നേരിട്ട് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുകയും ചെയ്യുന്നതിനാൽ നിലവിലുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം അനുവദിക്കാൻ കഴിയുകയില്ല. |
| (ഇ) | ഇല്ലെങ്കിൽ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഇ) | ഇക്കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ